# മിടിപ്പുകൾ



## ഡിജിറ്റൽ മാഗസിൻ

ജി വി എച്ച് എസ് എസ് വേങ്ങര

## നമ്മുടെ വിദ്യാലയം. . .



## ഉള്ളടക്കം

പഴഞ്ചൊല്ലുകൾ.......................................................................................................7
വേർപാട്.................................................................................................................8
കാക്കയും പൂച്ചയും കല്യാണം.........................................................................10
...........................................................................................................................12
മാനിനെ പറ്റിയ അമളി.....................................................................................12
വീട്.........................................................................................................................13
രാപ്പാടിയുടെ ബുദ്ധി...........................................................................................14
ഉപദേശം................................................................................................................16
കൊട്ടാരങ്ങളുടെ പട്ടണം.....................................................................................18
ഇര...........................................................................................................................21
...........................................................................................................................21
ലോക ബാല വേലവിരുദ്ധദിനം.........................................................................22
അമ്മ.........................................................................................................................27
തണൽ......................................................................................................................28

## എഡിറ്റോറിയൽ ബോർഡ്

| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | പി കെ ഹേമരാജൻ |
| സ്റ്റാഫ് എഡിറ്റർ | : | കെ മുഹമ്മദ് അസ്‌ലം |
| | | ലീന കെ പി |
| സ്റ്റുഡന്റ് എഡിറ്റർ | : | ജ്യോത്സ്ന ടി കെ |
| | | ഷിബിൻ ബിൻഷാദ് |
| | | ഫാത്തിമ നജ്ദ |

# ആമുഖം

ജി വി എച്ച് എസ് എസ് വേങ്ങരയിലെ **ലിറ്റിൽ കൈറ്റ്സ്** (2019-2020) വിദ്യാർത്ഥികളുടെ പരിശ്രമത്താൽ ഈ ഒരു മാഗസിൻ ഇവിടെ പ്രകാശനം ചെയ്യപ്പെടുകയാണ്. വിദ്യാർത്ഥികളുടെ സാങ്കേതിക മികവും , സൃഷ്ടി പരമായ കഴിവും പ്രകടമാക്കാൻ ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്

## സന്ദേശം



ജി വി എച്ച് എസ് എസ് വേങ്ങരയിലെ **ലിറ്റിൽ കൈറ്റ്സ്** (2019-2020) വിദ്യാർത്ഥികളുടെ പരിശ്രമത്താൽ ഈ ഒരു മാഗസിൻ ഇവിടെ പ്രകാശനം ചെയ്യപ്പെട്ടതിൽ വളരെ അധികം സന്തോഷിക്കുന്നു. പഠന പഠ്യേതര വിഷയങ്ങളിൽ വിദ്യാർഥികൾ വളരെ അധികം മുന്നോട്ട് പോയതിന്റെ വ്യക്തമായ തെളിവാണ് ഈ മാഗസിൻ.. പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും ആശംസകൾ.

**പി കെ ഹേമരാജൻ**

**പ്രധാനാധ്യാപകൻ**


INNEX CREATIVES
ARCHITECTS , ENGINEERS & INTERIOR DESIGNERS

# പഴഞ്ചൊല്ലുകൾ



ഉപ്പു തിന്നവൻ വെള്ളം കുടിക്കും.

ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട.

ആന കൊടുത്താലും ആശ കൊടുക്കരുത്.

ഇക്കരെ നിൽക്കുമ്പോൾ  അക്കരെ പച്ച.

കുരയ്ക്കും പട്ടി കടിക്കില്ല.

അങ്ങാടിയിൽ തോറ്റതിന് അമ്മയോട്.

കിട്ടാത്ത മുന്തിരി പുളിക്കും.

വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും.

കാണം വിറ്റും ഓണം ഉണ്ണണം.

അടിതെറ്റിയാൽ ആനയും വീഴും.

കുന്തം പോയാൽ കുടത്തിലും തപ്പണം.

കാക്കയ്ക്കും തൻകുഞ്ഞ് പൊൻകുഞ്ഞ്.

മടിയൻ മല ചുമക്കും.

കഥയിൽ ചോദ്യമില്ല.

സിതാര നസ്റിൻ കെ കെ

# വേർപാട്




"മാപ്പിളപ്പാട്ട്, ഫസ്റ്റ് പ്രൈസ് ഗോസ് ടു ഫാത്തിമ".

തന്റെ പേര് കേട്ടപ്പോൾ അവളുടെ മനസ്സ് കിടിലം കൊണ്ടു. തന്റെ പൊന്നുമ്മ തന്നെ പാട്ടുപടിപ്പിച്ച ഉമ്മ. ആ ഉമ്മക്കാണ് ഈ സമ്മാനം. അത് പാട്ട് പഠിക്കുമ്പോൾ തന്നെ ഉറപ്പിച്ചതാണ്. എനിക്ക് ഫസ്റ്റ് കിട്ടിയാൽ ആ സമ്മാനം ഉമ്മക്കായിരിക്കും. ആ ചിന്തയിൽ സമ്മാനം വാങ്ങി വീട്ടിലേക്ക് ഓടി. ഫാത്തിമയുടെ മനസ്സിൽ നിറയെ ഉമ്മയായിരുന്നു.

വീട്ടിലെത്തിയപ്പോൾ നിറയെ ആളുകൾ മുറ്റത്തും വരാന്തയിലുമായി നിൽക്കുന്നു. തന്റെ സമ്മാനം കാണാനായിരിക്കും ഇവർ വന്നത് എന്നവൾ വിചാരിച്ചു. അവൾ ഉമ്മയെ തിരഞ്ഞു. മുറ്റത്ത്, വരാന്തയിൽ, അടുക്കളയിൽ അവിടെയും കണ്ടില്ല. അവസാനം അവൾ റൂമിൽ പോയപ്പോൾ ഒരു കട്ടിലിൽ വെള്ള തുണി പുതച് ഒരാൾ കിടക്കുന്നു, ചുറ്റും ആരൊക്കെയോ ഇരുന്ന് ഖുർആൻ ഓതുന്നു.അപ്പോൾ

ആരോ അവളെ വിളിച്ചു:"മോളെ...... വാ...... നിനക്ക് നിന്റെ ഉമ്മയെ കാണേണ്ടേ..... "അവൾ നോക്കുമ്പോൾ ആ വെള്ള തുണിയുടെ താഴെ തന്റെ ഉമ്മ കിടക്കുന്നത് കണ്ടു.

അവൾ വിളിച്ചു. ഒരു പ്രാവശ്യം, രണ്ട് പ്രാവശ്യം, മൂന്ന് പ്രാവശ്യം എണീറ്റില്ല. അവൾ കരഞ്ഞു, ഉറക്കെ, ചുംബിച്ചു. അപ്പോഴും എണീറ്റില്ല. അവസാനം അവൾ ആ സത്യം

അറിഞ്ഞു തന്റെ ഉമ്മ തന്നെ വിട്ട് പോയിരിക്കുന്നു. ഒരിക്കലും തിരിച്ചു വരാത്ത ലോകത്തേക്ക്. ആ കുഞ്ഞു മനസ്സ് നൊമ്പരം കൊണ്ട് നിറഞ്ഞു. സമ്മാനം എറിഞ്ഞ് ഒരു കിടത്തമായിരുന്ന കിടക്കയിലേക്ക്.

**ഫാത്തിമ നജ്ദ**

# കാക്കയ്ക്കും പൂച്ചയ്ക്കും കല്യാണം



വർഷ കാലം വന്നാൽ
മേലെ വിണ്ണിൽ
നിറയെ കാർമേഘം
വേനൽ കാലം വന്നാൽ
താഴെ മണ്ണിൽ- വെയ്യിലാട്ടം
മഴ പെയ്യുമ്പോൾ കുട- ചൂടാം
വെയിൽ ചൂടായാൽ തണൽ തേടാം
മഴയും വെയിലും
ഒപ്പം വന്നാൽ
കാക്കക്കും പൂച്ചക്കും
കല്യാണം..

ഫാത്തിമ തസ്നി




*Figure 1: ഡിജിറ്റൽ പെയിന്റിങ്ങ്: ജ്യോത്സ്ന ടി കെ*

## മാനിന്റെ പറ്റിയ അമളി



പണ്ടൊരു കാട്ടിൽ ഒരമ്മ മാനും ഒരു കുഞ്ഞു മാനും ജീവിച്ചിരുന്നു. ഒരിക്കൽ അവർ വെള്ളം കുടിക്കുവാനായി ഭംഗിയുള്ള ഒരു തടാക കരയിൽ എത്തി. തുള്ളിച്ചാടി തടാകത്തിലേക്കിറങ്ങാനൊരുങ്ങിയ കുഞ്ഞിമാനിനോട് അമ്മ പറഞ്ഞു: കുഞ്ഞേ, ഈ ഭംഗിയുള്ള തടാകത്തിന്റെ ആഴം നിനക്കറിയില്ല. അതുകൊണ്ട് നീ ഇതിലിറങ്ങരുത്.കരയിൽ നിന്നവർ വെള്ളം കുടിച്ച് മടങ്ങിപ്പോയി. എന്നാൽ അമ്മയില്ലാത്ത ഒരു ദിവസം കുഞ്ഞിമാൻ അമ്മയുടെ വാക്കുകളൊന്നും അനുസരിക്കാതെ തടാകത്തിലേക്കിറങ്ങി. മുങ്ങിതാതാഴുന്ന കുഞ്ഞിമാൻ ഉറക്കെ കരഞ്ഞു.ദൈവമേ,എന്റെ അമ്മ പറഞ്ഞത് ഞാൻ അനുസരിച്ചെങ്കിൽ എനിക്കീ ആപത്ത് വരുമായിരുന്നോ.

ഫാത്തിമ തസ്നി

# വീട്



കാക്കയ്ക്കുണ്ടൊരു
**കൂട്**
കുരുവിക്കുണ്ടൊരു
**കൂട്**
പശുവിനുണ്ടൊരു
**തൊഴുത്ത്**
നമ്മൾക്കുള്ളത്
**വീട്**

**അഫ്നിദ മുഹമ്മദ്**

# രാപ്പാടിയുടെ ബുദ്ധി



ഒരു കർഷകന്റെ വീടിനടുത്തുള്ള മരത്തിൽ ഒരു രാപ്പാടി താമസിച്ചിരുന്നു. അത് മധുരമായ ഈണത്തിൽ പാടുമായിരുന്നു. ആ പാട്ട് കേട്ടാണ് കർഷകൻ എന്നും ഉറങ്ങാർ.

അങ്ങനെ ഒരു ദിവസം കർഷകൻ ഇങ്ങനെ ചിന്തിച്ചു. രാപ്പാടിയെ പിടിച്ചു കൂട്ടിലിട്ടാൽ എപ്പോഴും പാട്ട് കേൾക്കാമല്ലോ.

കർഷകൻ കെണി വെച്ച് രാപ്പാടിയെ കൂട്ടിലടച്ചു. എന്നിട്ട് കർഷകൻ രാപ്പാടിയോട് പറഞ്ഞു :"ഇനി നിനക്കു ഈ കൂട്ടിൽ സുഗമായി കഴിയാം.ഭക്ഷണത്തിന് എവിടേക്കും പോകണ്ട. നിനക്ക് വേണ്ട ഭക്ഷണം ഞാൻ തരാം. മാത്രമല്ല, എനിക്ക് എപ്പോഴും പാട്ട് കേൾക്കുകയും ചെയ്യാം".

അപ്പോൾ രാപ്പാടി പറഞ്ഞു :ഈ കൂട്ടിൽ കിടന്ന് കൊണ്ട് എനിക്ക് പാടാൻ കഴിയില്ല. നിങ്ങൾ എന്നെ തുറന്ന് വിട്ടില്ലങ്കിൽ ഞാൻ ഇവിടെ കിടന്ന് മരിക്കും. പിന്നെ നിങ്ങൾക്ക് എന്റെ പാട്ട് കേൾക്കാൻ കഴിയില്ല.

ഇതു കേട്ട കർഷകൻ ദേഷ്യം വന്നു കർഷകൻ രാപ്പാടിയോട് ഇങ്ങനെ പറഞ്ഞു :നീ പാടില്ലെങ്കിൽ നിന്നെ ഞാൻ കൊന്ന് തിന്നും.

ഇത് കേട്ട രാപ്പാടി പേടിച്ചു കൊണ്ട് പറഞ്ഞു:അയ്യോ എന്നെ കൊല്ലരുത്. തുറന്ന്

വിട്ടാൽ ഞാൻ നിങ്ങൾക്ക് വേണ്ടി പാടാം.

പക്ഷെ കർഷകൻ അതൊന്നും കേട്ടില്ല. രാപ്പാടിക്ക് വേണ്ട ഭക്ഷണം ഇട്ട് കൊടുത്ത് പോയി. രാപ്പാടി അതൊന്നും തോട്ടതെയില്ല.

അങ്ങനെ രാപ്പാടിയുടെ അടുത്തെക്ക് കർഷകൻ ഒന്നും കൂടി വന്നു നോക്കിയപ്പോൾ കർഷകനോട് രാപ്പാടി പറഞ്ഞു :എന്നെ തുറന്ന് വിട്ടാൽ ഞാൻ നിങ്ങൾക്ക് മഹത്തായ ഒരു സത്യം പറഞ്ഞു തരാം. കർഷകൻ അത് സമ്മതിച്ചു. രാപ്പാടിയെ തുറന്നു വിട്ടു.

രാപ്പാടി ഒരു മരക്കൊമ്പിലിരുന്ന്കൊണ്ട് പറഞ്ഞു :ഞാൻ പറയാൻ പോകുന്ന സത്യം ഇതാണ്. "കെണിയിൽ അകപ്പെട്ടവർ രക്ഷപെടാൻ എന്ത് വേണമെങ്കിലും പറയും. പക്ഷെ അത് വിശ്വസിക്കാൻ പാടില്ല." ഇതും പറഞ്ഞു കൊണ്ട് രാപ്പാടി ദൂരെക്ക് പറന്നു പോയി.

രാപ്പാടിയുടെ വാക്കുകൾ കേട്ട് കർഷകൻ വാ തുറന്ന് പോയി.

ഹസ്ന എ പി

## ഉപദേശം




ഗ്രാമത്തിൽ ഒരു കൃഷിക്കാരൻ ഉണ്ടായിരുന്നു കൃഷി സ്ഥലത്തേക്ക് പോകുമ്പോൾ അദ്ദേഹം ദാഹം അകറ്റുവാൻ വേണ്ടി ഒരു കമ്പനിയുടെ രണ്ടിടത്തും ഓരോ ഭരണി വെള്ളം നിറച്ച് തൂക്കക്കെട്ടി കൊണ്ടുപോകും അതിലെ ഒരു ഭരണി പഴക്കമേറിയ താണ് അതിനൊരു ഓട്ട ഉണ്ടായിരുന്നു കൃഷിക്കാരൻ ദിവസവും നടന്നു നീങ്ങുമ്പോൾപഴകിയ ഭരണിയിൽ നിന്ന് വെള്ളം ഉറ്റി വീഴുന്നുണ്ടായിരുന്നു ആ ഭരണിയിൽ നിന്ന് അദ്ദേഹത്തിന് കുടിക്കാൻ വെള്ളം കിട്ടാറില്ല അദ്ദേഹം നടന്നു വരുന്ന വഴിയിൽ പുല്ല് മുളച്ച് വരുന്നുണ്ടായിരുന്നു ഒരു ദിവസം പുതിയ ഭരണി യോട് പഴയ ഭരണിആവശ്യപ്പെട്ടു നിന്നെ കർഷകന് ഒരു ഉപകാരവും ഇല്ല കർഷകർ കൊണ്ടുപോകുന്ന വെള്ളം മണ്ണിലേക്ക് ഉറ്റ് വീഴുകയാണ് പതിവ് ഇതു കേട്ടപ്പോൾ പഴയ ഭരണിക്ക് സങ്കടമായി

അപ്പോൾ പഴയ ഭരണി കർഷകനോട് പറഞ്ഞു എന്നെക്കൊണ്ട് നിങ്ങൾക്ക് ഒരു ഉപകാരവും ഇല്ലല്ലോ ഇതുകേട്ടപ്പോൾ കർഷകൻ പറഞ്ഞു നിനക്ക് ഏറ്റവും വലിയ സ്ഥാനം കാരണം എനിക്ക് വെള്ളം കിട്ടിയില്ലെങ്കിലും ഈ ഭൂമിക്ക് കിട്ടുന്ന നിന്നെ കൊണ്ട് ഒരു ഉപകാരം ആണ് ഈ ഭൂമിക്ക് കിട്ടുന്നത് കാരണം നടന്നു പോകുന്ന വഴിയിൽ സസ്യങ്ങളും മറ്റും മുളച്ചുപൊന്തുന്ന ഒരു ഉപകാരം അല്ലേ...? കർഷകൻറെ ഈ ഉപദേശം കേട്ടപ്പോൾ രണ്ടു ഭരണികൾക്കും കാര്യം പിടികിട്ടി പിന്നെ അവർ രണ്ടുപേരും ഒരു പോലെയായി.

ഷെഹർബാൻ കെ ടി

# കൊട്ടാരങ്ങളുടെ പട്ടണം



ഒരിക്കൽ എനിക്ക് മൈസൂരിൽ പോകാൻ അവസരം കിട്ടി. എനിക്ക് ആദ്യം വിശ്വസിക്കാനായില്ല.. പുസ്തകങ്ങളിൽ നിന്ന് കിട്ടിയ അറിവ് മാത്രമേ ഒരു കൊട്ടാരത്തെ കുറിച്ച ഉണ്ടായിരുന്നുള്ളു. മൈസൂർ കൊട്ടാരം കണ്ടപ്പോൾ ഞാൻ ഏതോ ഭവാനലോകത്ത് എത്തിയ പോലെ. ചാമുണ്ഡി ക്ഷേത്രവും ബ്രിന്ദാവന് പൂന്തോട്ടവും എന്നെ വല്ലാതെ ആകർഷിച്ചു .

നീതു ടി



*Figure 2: വരച്ചത്: ജ്യോത്സ്ന ടി കെ*

# ഇര



വിശന്ന വയറുമായാ-

ണിവിടെ ഞാൻ വന്നതെങ്കിലും

നിഷ്കളങ്കം നിൻ

മുഖത്ത് നോക്കുമ്പോൾ

നിറഞ്ഞു പോകുന്നെന്റെ

മിഴികൾ രണ്ടും ...!

കുരുന്നുജീവനെ കശക്കുവാൻമാത്രം

ഹൃദയ കാഠിന്യമില്ലെനിക്ക്

തിരിച്ചുപോകയാണ്

ഞാനൊഴിഞ്ഞ വയറുമായ്

നൊന്തു പ്രസവിച്ചൊ-

രമ്മ തന്നെയല്ലേ ഞാനും !

ജൂൺ 12

## ലോക ബാല വേലവിരുദ്ധദിനം



ദാരിദ്ര്യം മുതലാളിത്തത്തിന്റെ ഉപോല്പന്നമാണ്. ചെറിയ ചിലവിൽ നിന്നും വലിയ ലാഭം ഉണ്ടാക്കുക എന്ന വ്യയസായ തന്ത്രത്തിന്റെ പിറകിലാണ് ബാല വേലയ്ക്ക അവസരങ്ങൾ ഉണ്ടാകുന്നത്. ബാല്യം വിട്ടും മുമ്പെ മുതിർന്നവരെപ്പോലെ പണിയെടുത്ത് ജീവിക്കാനാണവരുടെ വിധി. നിയമം കൊണ്ടു നിരോധിക്കപ്പെട്ടിട്ടുണ്ടെങ്കിലും നമ്മുടെ നാഗരികതക്കു നേരെ കൊഞ്ഞനം കുത്തിക്കൊണ്ട് ഹീനമായ ഈ കുറ്റകൃത്യം ഇന്നും തുടരുന്നു. കാണേണ്ടവരെല്ലാം കണ്ണടക്കുന്നു എന്നതാണ് ഒരു വേദനയായി നിൽക്കുന്നത്. നാളെയുടെ ഭാവി കുരുന്നുകളെ വിദ്യാഭ്യാസവും ആരോഗ്യവും നൽകി വളർത്തുന്നതിന് പകരം ചൂഷണം ചെയ്യുകയാണ് ഇന്ന് ലോകമെങ്ങും. ഇന്ത്യയിൽ എട്ട് കോടിയിലേറെ

കുട്ടികളെക്കൊണ്ട് പണിയെടുപ്പിക്കുന്നുവെന്നാണ് കണക്ക്ഇ തെല്ലാംകാണേണ്ടവരെല്ലാം കാണുന്നുണ്ട് എന്നിട്ടും അവർ കണ്ണടക്കുന്നു ഞമ്മൾ ഇങ്ങനെ ഒരു ദിനങ്ങൾ ആചരിച്ചിട്ട് എന്ത് കാര്യം....

കൃഷ്ണപ്രിയ





*Figure 3: വരച്ചത്: ജ്യോത്സ്ന ടി കെ*

# അമ്മ



നോവുടഞ്ഞു വാർന്നതോ.....
മിഴിമറന്ന നിറകണം....
കനലകന്ന നിഴലുപോൽ
വിതുമ്പിനിന്ന മൗനമേ...
തണുവകന്നു നിൽക്കയോ
തളിരുപൂത്ത തെന്നലെ....

കുഞ്ഞിളം കൈവളരാൻ,
കൂട്ടിരുന്ന നെഞ്ചമല്ലെ....
നാവുപിഴ നാൾകളന്നു,
തേൻവയമ്പു തന്നതല്ലെ...
അമ്മയെന്നു വിളിച്ചതല്ലെ..
എന്നുമെൻറെ ഓമലല്ലെ...

# തണൽ



ഒരു തൈ തരുന്നത്

ഒരു സ്വപ്നമാണ്

നാളെയുടെ പടിവാതിലിൽ

ഇന്നലെയുടെ നഷ്ടങ്ങളിലും

നട്ടും നനച്ചും പോറ്റിയ

സ്വപ്നങ്ങൾക്ക് മീതെ

തൈ തണൽ വിരിക്കും

ചേക്കേറുന്ന ചെറുകിളികളെ

ചേർത്ത് പിടിക്കും...

പ്രാണൻ മുറിയും വരെ

പ്രപഞ്ചത്തെ-

പ്രണയിക്കുക മാത്രം ചെയ്യുന്ന

പച്ചപ്പിന്നൊരു _

പരവതാനി വിരിക്കാം.....



















































# TRAINING BY MASTER TRAINERS









